# പ്രോലെറ്റേറിയൻ കഥാകൃത്ത്

സി. ജെ. തോമസ്



പ്രോലെറ്റേറിയൻ കഥാകൃത്ത്
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTEX from TEXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Nelken und Clematis in einer Kristallvase, a painting by Edouard Manet (1832–1883). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രോലെറ്റേറിയൻ കഥാകൃത്ത്

ചെറുകഥാപ്രസ്ഥാനം മനുഷ്യസമുദായചരിത്രത്തിലെ ഒരു പ്രത്യേക ഘട്ടത്തിന്റെ സാഹിത്യപ്രതിഫലനമാണ്. അത്യന്തം ദ്രുതമായിരിക്കുന്ന ജീവിതരീതി മനുഷ്യന് നീണ്ട നോവലുകൾ വായിക്കാൻ സമയമില്ലാതാക്കിത്തീർക്കുന്നു. ഇടയിട്ട് പുറത്തിറങ്ങുന്ന വാരിക, മാസിക മുതലായവയ്ക്ക് പ്രാധാന്യം വർദ്ധിക്കുന്നു. അതുകൊണ്ട് ഹ്രസ്വമായ കൃതികൾ ആവശ്യമായിത്തീരുന്നു. വ്യക്തിയേക്കാൾ സമുദായത്തിന് പ്രാധാന്യം വർദ്ധിക്കുന്നു. അങ്ങിനെ വ്യക്തിയുടെ ദൈനംദിനജീവിതത്തിൽ സമുദായവുമായി വിവിധ സന്ദർഭങ്ങളിൽ കൂട്ടിമുട്ടുന്ന ഘട്ടങ്ങൾ നല്ല ഇതിവൃത്തങ്ങളായിത്തീരുന്നു. ഇതാണ് നശിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയിലെ സാഹിത്യത്തിന്റെ നില. ഈ ചിത്രത്തിന്റെ മറുവശം എഴുത്തുകാരന്റേതാണ്. ആലങ്കാരികഭാഷയിൽ സൗന്ദര്യത്തിനുവേണ്ടി കലാസൃഷ്ടി ചെയ്യുന്ന സുഖിമാനല്ല പുതിയ കലാകാരൻ, ഈ ജീവിതത്തിലെ പ്രത്യേകഘട്ടങ്ങൾ സ്വാനുഭവംവഴിയോ മറ്റോ അനുഭവിച്ച് മനസ്സിലാക്കി, അവയിൽ മുഴച്ചു കാണുന്ന തെറ്റുകളോടു സമരം നടത്തുന്നവനാണ് ഇന്നത്തെ എഴുത്തുകാരൻ. ആവക കൃതികളിൽ വൈയ്യാകരണന്മാർക്ക് അവജ്ഞ ജനിപ്പിക്കത്തക്ക പലതും കണ്ടേക്കാം. പക്ഷേ, അവർ ചെയ്യുന്ന ആ സമരമാണ് പരമാർത്ഥം. സമരങ്ങളുടെ ചിത്രങ്ങളാണ് ആസ്വാദനീയം.

ഇതുകൊണ്ടാണെന്നു തോന്നുന്നു മലയാളഭാഷയിലെ ചെറുകഥാ പ്രസ്ഥാനം ഇത്രയധികം മേന്മ പ്രാപിച്ചത്. എന്തെന്നാൽ, നമ്മുടെ കഥാകാരന്മാർ മിക്കവാറും അനുഭവത്തിൽ നിന്നെഴുതുന്നവരാണ്. തിരുവിതാംകൂറിലെ കടലോരപ്രദേശങ്ങളിലെ തൊഴിലാളികളുടെ ജീവിതായോധനം പശ്ചാത്തലമാക്കി ഒരു കലാകാരൻ വിജയിച്ചെങ്കിൽ അത് അദ്ദേഹത്തിന് അവരുമായി ഉള്ള സമ്പർക്കത്തിന്റെ ഉദാഹരണം മാത്രമാണ്. ഇടത്തരക്കാരുടെ സാമുദായിക-സന്മാർഗ്ഗ നിയമങ്ങളുടെ പൊള്ളത്തരം ഒരു കലാകാരൻ വിശദീകരിച്ചത്, സ്വയം അവ കാണുവാനും മനസ്സിലാക്കുവാനും കഴിഞ്ഞതുകൊണ്ടാണ്. ഇതുകൊണ്ടുതന്നെയാണ് മറ്റൊരാൾക്ക് കുടകിലെ പ്രകൃതിയേയും, ബോംബേയിലെയും മറ്റും ഗുമസ്ഥന്മാരുടെ സങ്കേതങ്ങളും ചിത്രീകരിക്കാൻ കഴിഞ്ഞത്. കൽത്തുറുങ്കിനകത്തെ മനഃശാസ്ത്രവും രാഷ്ട്രീയപ്രവർത്തകരുടെ യാതനകളും അതനുഭവിച്ചവർ ചിത്രീകരിക്കുമ്പോഴാണ് നന്നാവുന്നത്. മതത്തിന്റെ കൊള്ളരുതായ്മകളുമായി നിരന്തര സമരം നടത്തിക്കൊണ്ടിരിക്കുന്ന ഒരുവന്റെ സാഹിത്യസൃഷ്ടി ആ വഴിക്കായിരിക്കാം തിരിയുന്നത്. മറ്റൊരുതരത്തിലും ഒരു ആശയവുമായി സാത്മ്യം പ്രാപിച്ചുകൂടെന്ന് ഖണ്ഡിതമായ ഒരു നിയമം വെയ്ക്കാൻ പാടില്ല. വിഷയവുമായി നേരിട്ടുള്ള പരിചയം ഗ്രന്ഥകാരൻ വിജയത്തിനു വളരെയധികം സഹായിക്കുമെന്നു മാത്രം. വാസനാസമ്പന്നനായ ഒരു തൊഴിലാളിക്ക് അപ്പോൾ, സാഹിത്യത്തിൽ കിട്ടാവുന്ന വിജയം എത്രയെന്ന് വ്യക്തമാണല്ലോ. ആ വിജയമാണ് "ഭാവി"യിൽ കാണുന്നത്.

"ഭാവി"യിൽ ആറു ചെറുകഥകളുണ്ട്. "സ്വർണ്ണവാച്ച്" എന്ന കഥയിൽ ദാരിദ്രപീഡിതനായ ഒരു തൊഴിലാളിയെ, ദാരിദ്ര്യം കുപഥത്തിലേയ്ക്കു വലിച്ചിഴക്കുന്നതിനെ ചിത്രീകരിച്ചിരിക്കുന്നു. അപ്രതിരോദ്ധ്യമായ ചില അവകാശങ്ങൾ കുടുംബസ്ഥനായ ശങ്കുവിന്റെ നേരെ കണ്ണുരുട്ടുന്നു. അവൻ മോഷണത്തിന് തീരുമാനിക്കുന്നു. തന്റെ യജമാനന്റെ സ്വർണ്ണവാച്ച് മോഷ്ടിക്കാൻ വളരെ എളുപ്പമാണ്. എങ്കിലും, ഭയംകൊണ്ട് അവനതിൽനിന്നു വിരമിക്കുന്നു. അങ്ങിനെ അവൻ അവന്റെ മാനസിക നൈർമ്മല്യത്തെ വിറ്റു. പക്ഷേ, പണമൊന്നും കിട്ടിയുമില്ല. ശങ്കുവിന്റെ മാനസിക വ്യാപാരത്തെ ഈ കഥയിൽ ചിത്രീകരിച്ചിരിക്കുന്ന രീതി ഏത് എഴുത്തുകാരനും അസൂയപ്പെട്ടുപോകുന്ന രീതിയിലാണ്. ഒന്നു ഇവിടെ പ്രത്യേകം പറയേണ്ടതുണ്ട്. ഒരിക്കലെങ്കിലും സന്മാർഗ്ഗികബോധം ശങ്കുവിനെ വിഷമിപ്പിക്കുന്നില്ല. ഭയം മാത്രമാണ് അവനെ ആ കൃത്യത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നത്. ഇതാണ് ഇന്നത്തെ പരമാർത്ഥം. സാന്മാർഗ്ഗികനിയമങ്ങൾ, അങ്ങിനെയൊന്നുണ്ടെന്നുതന്നെ ജനസാമാന്യം വിസ്മരിച്ചുകഴിഞ്ഞിരിക്കുന്നു. ശിക്ഷണനടപടികൾ മാത്രമാണ് ശങ്കുവിനു പരമാർത്ഥം. ലാഭമുള്ളതൊക്കെ നന്നെന്നും അല്ലാത്തതൊക്കെ ചീത്തയെന്നുമാണ് ഇന്നത്തെ സന്മാർഗ്ഗപ്രമാണം. വഹിക്കാൻ വയ്യാത്ത ഒരു ആദർശഭാണ്ഡം ശങ്കുവിന്റെ ചുമലിൽ കെട്ടിവച്ച് ആ പതിതനെ ഒരു കൃത്രിമസൃഷ്ടിയാക്കാതിരുന്ന ശ്രീ. റാഫിയെ പ്രശംസിക്കുകതന്നെ വേണം."വെളിച്ചത്തിൽ", "പെരുവഴിയിൽ" എന്നീ കഥകളുടെ ആശയം നന്നായിട്ടുണ്ട്. അവ രണ്ടും ഒരു നീണ്ട കഥാകഥനമാക്കാതെ ആ കഥകളിലെ ഏതെങ്കിലും പ്രത്യേക രംഗമെടുത്ത് അവിടെ കാലുറപ്പിച്ചുനിന്നുകൊണ്ടു ഭാവിയിലേയ്ക്കും ഭൂതത്തിലേയ്ക്കും നോക്കിയിരുന്നെങ്കിൽ കഥ കുറേക്കൂടി ഹൃദ്യമാകുമായിരുന്നു. ഫാക്ടറിയിൽ ജോലി ചെയ്യുന്ന രംഗം ചിത്രീകരിച്ചാൽ ആ കൊല്ലൻ ചെയ്യുന്ന ജോലിയുടെ പ്രാധാന്യവും കാഠിന്യവും കുറെക്കൂടി വ്യക്തമാകും. പോലീസുകാരൻ മകളെ കണ്ടുപിടിക്കുന്ന രംഗമാണ് പ്രധാനമായി എടുക്കേണ്ടിയിരുന്നതെന്നു തോന്നുന്നു.

"ഭാവി" എന്ന കഥ ഒരു കഥയേയല്ല, ഒരു പ്രസംഗമാണ്. ലോകത്തിന്റെ ഭാവി പരിപൂർണ്ണമായിട്ടും തൊഴിലാളിസംഘടനകളിലാണ് സ്ഥിതിചെയ്യുന്നതെന്നു ആരും സമ്മതിക്കും. പക്ഷേ, യൂണിയൻ സെക്രട്ടറിയുടെ പ്രസംഗം മുഴുവനും കൂടി പകർത്തിയാൽ അതു ചെറുകഥയാവുകയില്ലെന്നു പറഞ്ഞാൽ ശ്രീ. റാഫി എന്നോട്ട് ക്ഷമിക്കുമെന്ന് വിശ്വസിക്കട്ടെ. സാഹിത്യം പ്രചരണോദ്ദേശ്യത്തോടുകൂടിയതാണ്. പക്ഷേ, ഇതുപോലെ നേരിട്ടു പ്രസംഗിക്കുന്നതുകൊണ്ട് അതു സാഹിത്യമല്ലാതായിത്തീരുമെന്നുള്ളതല്ല വിഷമം, (ഗീതയിലും ഉപദേശമുണ്ടല്ലോ) അതിന്റെ പ്രചരണശക്തിതന്നെ കുറയുമെന്നതാണ്.

ശ്രീ. റാഫി ലോകം കാണുന്നുണ്ട്. അതു മനസ്സിലാക്കുന്നുമുണ്ട്. ഇതിലും നല്ല കഥകൾ നമുക്ക് ആ അനുഗൃഹീത തൂലികയിൽ നിന്നാശിക്കാം. അദ്ദേഹത്തിനു കഴിവുണ്ട്, അതു പ്രകാശിക്കാൻ സന്ദർഭം കൊടുക്കുക മാത്രമേ വേണ്ടു.

വിലയിരുത്തൽ 1951.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കുത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെട്ടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കുത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.